# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1336 — 13.12.2012 ൽ - മറുപടിക്ക്

## എ.പി.എൽ.-ബി.പി.എൽ. റേഷൻ കാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര എ.പി. എൽ., ബി.പി.എൽ. റേഷൻ കാർഡുകളാണുള്ളത്; അന്ത്യോദയ, അന്നപൂർണ്ണ പദ്ധതി പ്രകാരമുള്ള ധാന്യം ലഭിക്കുന്നവരുടെ എണ്ണമെത്ര ; | (എ) സംസ്ഥാനത്ത് 31.10.2012 ലെ കണക്കുകൾ പ്രകാരം 59,25,708 എ.പി.എൽ. കാർഡുകളും 14,53,776 ബി.പി.എൽ. കാർഡുകളും 5,91,173 എ.എ.വൈ കാർഡുകളും, 32,008 അന്നപൂർണ്ണ കാർഡുകളും നിലവിലുണ്ട്. |
| (ബി) ഒരു എ.പി.എൽ. റേഷൻ കാർഡ് ഉടമയ്ക്ക് ഒരു മാസം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവും വിലയും വ്യക്തമാക്കുമോ ; ഓരോ ധാന്യത്തിന്റെയും മണ്ണെണ്ണയുടെയും സബ്സിഡി എത്ര രൂപയാണ് ; | (ബി) സബ്സിഡി വിഭാഗത്തിൽപ്പെടാത്ത ഒരു എ.പി.എൽ. കാർഡുടമയ്ക്ക് 2012 ഡിസംബർ മാസത്തിൽ 10 കിലോഗ്രാം അരി കിലോഗ്രാമിന് 8.90 രൂപ നിരക്കിലും 3 കിലോഗ്രാം ഗോതമ്പ് കിലോഗ്രാമിന് 6.70 രൂപ നിരക്കിലും 2 കിലോഗ്രാം ആട്ട കിലോഗ്രാമിന് 12.00 രൂപ നിരക്കിലും ലഭിക്കും.<br><br>സബ്സിഡി വിഭാഗത്തിൽപ്പെട്ട ഒരു എ.പി. എൽ. കാർഡുടമയ്ക്ക് 2012 ഡിസംബർ മാസത്തിൽ 9 കിലോഗ്രാം അരിയും 2 കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് 2 രൂപ നിരക്കിലും 2 കിലോഗ്രാം ആട്ട കിലോഗ്രാമിന് 12.00 രൂപ നിരക്കിലും ലഭിക്കും.<br><br>വൈദ്യൂതീകരിച്ച കാർഡുകൾക്ക് 2012 നവംബർ മാസത്തിൽ 1/2 ലിറ്റർ മണ്ണെണ്ണയും, വൈദ്യൂതീകരിക്കാത്ത കാർഡുകൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 15.50-16.00 രൂപ നിരക്കിൽ അനുവദിച്ചിരുന്നു.<br><br>സബ്സിഡി നിരക്കിലുള്ള എ.പി.എൽ. അരിയ്ക്ക് കിലോഗ്രാമിന് 6.90 രൂപയും ഗോതമ്പിന് 4.70 രൂപയുമാണ് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നത്. മണ്ണെണ്ണയ്ക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നില്ല. |

(സി) ഒരു ബി.പി.എൽ. റേഷൻ കാർഡ് ഉടമയ്ക്ക് ഒരു മാസം ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവും വിലയും വ്യക്തമാക്കുമോ ; ഓരോ ഭക്ഷ്യധാന്യത്തിന്റെയും മണ്ണെണ്ണയുടെയും സബ്സിഡി എത്ര രൂപയാണ് ;

(സി) ഒരു ബി.പി.എൽ. കാർഡുടമയ്ക്ക് 2012 ഡിസംബർ മാസത്തിൽ 25 കിലോഗ്രാം അരി കിലോഗ്രാമിന് 1/- രൂപ നിരക്കിലും 8 കിലോഗ്രാം ഗോതമ്പ് കിലോഗ്രാമിന് 2.00 രൂപ നിരക്കിലും ഓരോ കാർഡംഗത്തിനും 400 ഗ്രാം പഞ്ചസാര കിലോഗ്രാമിന് 13.50 രൂപ നിരക്കിലും ലഭിക്കും.

വൈദ്യുതീകരിച്ച കാർഡുകൾക്ക് 2012 നവംബർ മാസത്തിൽ 1/2 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത കാർഡുകൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 15.50-16.00 രൂപ നിരക്കിൽ അനുവദിച്ചിരുന്നു.

ബി.പി.എൽ. അരിയ്ക്ക് കിലോഗ്രാമിന് 5.20 രൂപയും ഗോതമ്പിന് 2.70 രൂപയുമാണ് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നത്. മണ്ണെണ്ണ, പഞ്ചസാര എന്നിവയ്ക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നില്ല.

(ഡി) സബ്സിഡിയില്ലാതെ ഒരു എ.പി.എൽ. റേഷൻ കാർഡ് ഉടമയ്ക്ക് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവും വിലയും വ്യക്തമാക്കുമോ ; ഈ ഭക്ഷ്യ ധാന്യങ്ങളുടെ വില 2011 മേയ് മാസത്തിൽ എത്ര രൂപയായിരുന്നു ?

(ഡി) സബ്സിഡി വിഭാഗത്തിൽപ്പെടാത്ത ഒരു എ.പി.എൽ കാർഡുടമയ്ക്ക് 2012 ഡിസംബർ മാസത്തിൽ 10 കിലോഗ്രാം അരി കിലോഗ്രാമിന് 8.90 രൂപ നിരക്കിലും 3 കിലോഗ്രാം ഗോതമ്പ് കിലോഗ്രാമിന് 6.70 രൂപ നിരക്കിലും 2 കിലോഗ്രാം ആട്ട കിലോഗ്രാമിന് 12.00 രൂപ നിരക്കിലും ലഭിക്കും.

വൈദ്യുതീകരിച്ച കാർഡുകൾക്ക് 2012 നവംബർ മാസത്തിൽ 1/2 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത കാർഡുകൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 15.50-16.00 രൂപ നിരക്കിൽ അനുവദിച്ചിരുന്നു.

2011 മെയ് മാസത്തിലും അരിക്കും ഗോതമ്പിനും ഇതേ വില തന്നെയായിരുന്നു. മണ്ണെണ്ണയുടെ വില ലിറ്ററിന് 12.30-12.70 രൂപയായിരുന്നു.

സെക്ഷൻ ഓഫീസർ